ശ്രീ. പി. രാജു : എല്ലാ മൃഗജാതികളോടുമുള്ള സ്നേഹം കൊണ്ടാണ് ഈ ബിൽ അവതരിപ്പിക്കുന്നതെന്നു പറഞ്ഞു. എല്ലാ ദിവസവും വൈകുന്നേരം അങ്ങ് കോഴി കഴിക്കുന്നുണ്ടല്ലോ? ഈ ബിൽ ആത്മാർത്ഥതയോടുകൂടിയാണ് അവതരിപ്പിക്കുന്നതെങ്കിൽ അങ്ങയുടെ കോഴിതീറ്റ ഇന്നത്തോടുകൂടി അവസാനിപ്പിക്കുമോ?

ശ്രീ. പി.പി സുലൈമാൻ റാവുത്തർ : സർ, ഞാൻ വളരെ അപൂർവമായിട്ടേ കഴിക്കുകയുള്ളൂ. പ്രകൃതിയിൽ മനുഷ്യനും മറ്റ് ജീവജാലങ്ങളും നെയ്തതായ അതിർവരമ്പുകൾ മാനിക്കുകയും നിലനിർത്തുകയും ചെയ്യുന്ന രീതിയാണ് ഇന്ന് അവലംബിച്ചുപോരുന്നത്. തന്റെ പുരോഗതിക്കും സൗകര്യത്തിനും വേണ്ടി പ്രകൃതിയെ പരിക്കേൽപ്പിക്കുവാനും കടന്നാക്രമിക്കുവാനും എല്ലാ ജീവജാലങ്ങളേയും തന്റെ വരുതിയിൽ കൊണ്ടുവരാനും തയ്യാറായ മനുഷ്യന്റെ അഹന്തയും ധിക്കാരവുമാണ് എല്ലാ കുഴപ്പങ്ങൾക്കും കാരണമെന്ന് എനിക്ക് തോന്നുന്നു. പ്രാചീന മനുഷ്യൻ കാട്ടിൽ എല്ലാ മൃഗങ്ങളോടും ഇണങ്ങിച്ചേർന്നാണ് ജീവിച്ചിരുന്നത്. അപകടകാരികളായ ക്ഷുദ്രജന്തുക്കൾ പോലും മനുഷ്യനോട് ഇണങ്ങി പൊരുത്തപ്പെട്ടാണ് ജീവിച്ചുവന്നിട്ടുള്ളത്. പുലിപ്പുറത്ത് യാത്ര ചെയ്യുന്ന ശബരിമല അയ്യപ്പന്റെ ചിത്രം നമ്മുടെ മുമ്പിലുണ്ട്. ഒരു മൃഗവും സ്വയമേവ മനുഷ്യനെ ഉപദ്രവിക്കാറില്ല.

ശ്രീ. കെ.പി. രാജേന്ദ്രൻ : തൃശൂർ ജില്ലയിൽ മൂന്ന് ആനക്കുട്ടികൾ അടുത്ത കാലത്ത് ചരിഞ്ഞത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? തൃശൂർ ശങ്കരൻകുളങ്ങര ക്ഷേത്രത്തിലെ ഗണേശൻ, തൃശ്ശൂർ കുട്ടൻകുളങ്ങര ക്ഷേത്രത്തിലെ കണ്ണൻ പട്ടാഭിഷേകം സിനിമയിൽ ജയറാമിനോടൊപ്പം അഭിനയിച്ചത്; മുണ്ടത്തിക്കോടുള്ള ഉണ്ണികൃഷ്ണൻ?

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : ആനയോട് കാണിക്കുന്ന ക്രൂരതയുടെ ഫലമായിട്ടാണ് ഇതെല്ലാം സംഭവിക്കുന്നത്.

മി. സ്പീക്കർ : അങ്ങേയ്ക്ക് അടുത്ത ദിവസം ഇതു തുടരാം.

(ചർച്ച തുടരും)

(3) 2000-ത്തിലെ കേരള റോഡപകട നിർമ്മാർജ്ജന അതോറിറ്റി ബിൽ

(ശ്രീ. പി.പി. സുലൈമാൻ റാവുത്തർ നോട്ടീസ് നൽകിയത്)

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ 2000-ത്തിലെ കേരള റോഡപകട നിർമ്മാർജ്ജന അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗതവും വനവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു): സർ, 1997-ൽ അഡീണൽ ചീഫ് സെക്രട്ടറി ചെയർമാനായി ഒരു ഉന്നതാധികാര സമിതിയെ നിയോഗിക്കുകയുണ്ടായി. പ്രസ്തുത സമിതിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് മറ്റ് സംവിധാനങ്ങളേർപ്പെടുത്തിയിട്ടുണ്ട്. ഇതിൽ പറഞ്ഞ തരത്തിലുള്ള റോഡപകടങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ ഫലപ്രദമായ നടപടി സ്വീകരിക്കാൻ ഇവിടെ ഒരു സമിതി നിലവിലുണ്ട്. അതുകൊണ്ട് ഇത് അംഗീകരിക്കാൻ നിവൃത്തിയില്ല.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, നമ്മുടെ സംസ്ഥാനത്ത് നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന റോഡപകടങ്ങളാണ് ഇപ്പോൾ ഇങ്ങനെയൊരു ബില്ലവതരിപ്പിക്കാൻ എന്നെ പ്രേരിപ്പിച്ചത്. എല്ലാദിവസവും റോഡ

LIBRARY ARCHIVES Kerala Legislative Assembly

പകടങ്ങളുടെ വാർത്തയുമായിട്ടാണ് നമ്മുടെ പ്രധാന പത്രങ്ങളെത്തുന്നത്. എന്റെ ജില്ല റോഡപകടങ്ങളിൽ കൂട്ടമരണങ്ങൾ നടക്കുന്ന ഒരു പ്രദേശമാണ്. വലിയ വളവുകളും കീഴ്ക്കാൻതൂക്കായ കൊക്കകളും ഉൾക്കൊള്ളുന്ന ഇടുക്കി ജില്ലയിലൂടെയുള്ള യാത്രപോലും ഭയാനകമാണ്. പലപ്പോഴും വാഹനങ്ങൾ തമ്മിലുള്ള മൽസരഓട്ടമാണ് അപകടമുണ്ടാക്കുന്നത്. പ്രധാന നിരത്തുകളിൽ പഞ്ചിംഗ് സമ്പ്രദായമേർപ്പെടുത്തി ബസ്സുകളുടെ മൽസര ഓട്ടമെങ്കിലും കുറയ്ക്കുന്നത് അപകടമൊഴിവാക്കാൻ സഹായമാകും. വാഹനങ്ങളിൽ ഡിംലൈറ്റുപയോഗിക്കുന്നത് പലപ്പോഴും അപകടങ്ങൾക്ക് കാരണമാകുന്നു. പ്രത്യേകിച്ച് ഹാലജൻ ബൾബുകളുപയോഗിക്കുന്ന ഈ സന്ദർഭത്തിൽ ഡിംലൈറ്റുപയോഗിക്കുന്നത് അപകടങ്ങൾക്ക് കാരണമാകുന്നു. ഡ്രൈവിംഗിന് പ്രത്യേകമായ ഒരു പഠനമാവശ്യമില്ലാത്ത ഒരു സ്ഥിതിയാണ് ഇപ്പോൾ നിലവിലുള്ളത്. ഡ്രൈവിംഗ് പഠിക്കുന്നതിന് പ്രത്യേകമായ സംവിധാനമില്ല. ഡ്രൈവിംഗ് ലൈസൻസ് ഇപ്പോൾ വലിയ പഠനമില്ലാതെ തന്നെ ലഭിക്കുന്ന ഒരു സ്ഥിതിയാണുള്ളത്. യാത്രക്കാർ തിങ്ങിനിറഞ്ഞ ഒരു ബസ് ഓടിക്കുന്ന ഡ്രൈവറുടെ ഒരു ചെറിയ വീഴ്ച പോലും വലിയ നഷ്ടമുണ്ടാക്കുന്നത് നമുക്ക് കാണാൻ കഴിയും. ഡ്രൈവിംഗ് സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഉൾപ്പെടുത്തി അതിനാവശ്യമായ ഒരു സർട്ടിഫിക്കറ്റ് കോഴ്സ് ഏർപ്പെടുത്തുകയും അത്യാവശ്യം വാഹനത്തിന്റെ മെക്കാനിസം അറിഞ്ഞിരിക്കാൻ കഴിയുന്ന രീതിയിലുള്ള കോഴ്സുകൾ സജ്ജമാക്കുകയും വേണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇപ്പോൾ ഡ്രൈവിംഗ് ലൈസൻസ് ലഭിക്കുവാൻ കാര്യമായ യാതൊരു പരീക്ഷണത്തിനും വിധേയമാകേണ്ടതില്ല. പലപ്പോഴും വണ്ടിയോടിച്ചുപോലും കാണിക്കാതെ ലൈസൻസ് കൊടുക്കുന്ന സാഹചര്യം നിലവിലുണ്ട്. ഇപ്പോൾ യാതൊരു ഉത്തരവാദിത്വവുമില്ലാതെ അലക്ഷ്യമായിട്ടാണ് ഡ്രൈവിംഗ് ലൈസൻസ് നൽകുന്നത്. ആറു മാസത്തെ പരിശീലനത്തിന് ഇവരെ വിധേയരാക്കുകയും അതിനുശേഷം ഒരു ഉന്നത സമിതിയുടെ പരിശോധനക്ക് വിധേയമാക്കുകയും വേണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. പി. രാജു</u> : കേരളത്തിലെ മോട്ടോർ വെഹിക്കിൾ ഓഫീസുകളിൽ പലയിടത്തും അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടേഴ്സില്ലാത്തതിന്റെ ഫലമായിട്ട് യഥാർത്ഥത്തിൽ ഡ്രൈവിംഗ് ടെസ്റ്റുപോലും കൃത്യമായി നടക്കുന്നില്ല. പി.എസ്.സി. ലിസ്റ്റ് കിട്ടാൻ താമസമുണ്ടാകുന്നതുകൊണ്ട് പോസ്റ്റിംഗ് നടക്കുന്നില്ല. അതിന്റെ ഫലമായിട്ട് കേരളത്തിൽ ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതുതന്നെ പത്തൻപതുപേരെ ഒരേ സമയത്ത് നടത്തിക്കൊണ്ടിരിക്കുകയാണ്. അത് പരിഹരിക്കുന്നതിനുകൂടി ഇതിനകത്ത് വ്യവസ്ഥയുണ്ടാക്കുന്നത് നന്നായിരിക്കും.

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : സർ, ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിലും അതിന്റെ സ്ഥലം നിർണ്ണയിക്കുന്നതിലുമൊക്കെ അപാകതകൾ ഇപ്പോൾ നിലവിലുണ്ട്. അതൊക്കെ മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് ഞാൻ ഈ കാര്യങ്ങൾ പറയുന്നത്.

<u>ശ്രീ. ജോണി നെല്ലൂർ</u> : അങ്ങ് ഡ്രൈവിംഗ് ലൈസൻസ് കൊടുക്കുന്ന രീതിയെക്കുറിച്ചും ഡ്രൈവിംഗിനെ സംബന്ധിച്ചും ഈ ലൈസൻസ് നിയന്ത്രണമില്ലാതെ കൊടുക്കുന്നതിനെക്കുറിച്ചുമൊക്കെ പറഞ്ഞു. കേരളത്തിലുള്ള നിയന്ത്രണങ്ങൾ അൽപം കൂടുതലാണെന്ന് കണ്ടിട്ട് കേരളത്തിന് പുറത്ത് ബാംഗ്ലൂരിലും ബോംബെയിലുമൊക്കെ പോയി യഥേഷ്ടം ഡ്രൈവിംഗ്

LIBRARY ARCHIVES Kerala Legislative Assembly

ലൈസൻസ് കൊണ്ടുവന്ന് ഡ്രൈവിംഗ് അറിയാത്തവർക്ക് കൊടുത്ത് വാഹനങ്ങൾ ഓടിക്കുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ.സി. ജോസഫ് : സർ, ഈ അടുത്തകാലത്ത് ആർ.ടി.ഒ. ഓഫീസുകളിൽ നിയന്ത്രണമേർപ്പെടുത്തിയെങ്കിൽ പോലും അവിടെയെല്ലാം അഴിമതിയുടെ കേന്ദ്രമാണ്. മന്ത്രിയുടെ പ്രദേശമായ വടകരയിൽ ഒരു വനിതാ സിനിമാതാരത്തിനും അവരുടെ അമ്മയ്ക്കും അവർ ടെസ്റ്റിനുപോലും പോകാതെ ലൈസൻസ് കിട്ടിയതായി ഞാൻ മലബാർ പത്രത്തിൽ വായിച്ചു.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, അഴിമതിക്ക് മന്ത്രിയുടെ നാട്, മറ്റൊരുനാട്, എന്നില്ല; അഴിമതി സാർവ്വത്രികമാണ്. ബഹു. ജോണി നെല്ലൂർ പറഞ്ഞകാര്യം: വണ്ടിയോടിക്കാനറിയാത്തവർ മറ്റു സംസ്ഥാനങ്ങളിൽ പോയി ഡ്രൈവിംഗ് ലൈസൻസ് കൊണ്ടുവന്ന് വണ്ടിയോടിക്കുന്നത്, കൃത്യമായ ഒരു പരിശോധനയ്ക്ക് വിധേയമാക്കാൻ കഴിഞ്ഞാൽ പരിഹരിക്കാൻ കഴിയുമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ബാബു ദിവാകരൻ : സർ, ഡ്രൈവിംഗെന്നു പറയുന്നത് നമ്മുടെ ഇൻഡ്യയിലും വിദേശത്തും ഏറ്റവും കൂടുതൽ തൊഴിലവസരങ്ങളുള്ള ഒരു ട്രേഡ് ആണ്. അത് ഒരു വൊക്കേഷണൽ ട്രേഡായി അംഗീകരിക്കുകയും ആറു മാസമോ ഒരു വർഷമോ കൊണ്ട് തീരുന്ന ഒരു കോഴ്സ് ഏർപ്പെടുത്തുകയും ചെയ്യുക. ഇപ്പോൾ ഐ.ടി.ഐ.കളിലെല്ലാം ഒരുപാട് കോഴ്സുകളുണ്ട്. അപ്പോൾ, വണ്ടി ഓടിക്കാൻ മാത്രമല്ല ഒരു ട്രേഡായി അംഗീകരിച്ച് ഐ.ടി.ഐ.കളിലും അതുപോലെയുള്ള വൊക്കേഷണൽ സെന്ററുകളിലും ഒരു കോഴ്സായി അംഗീകരിച്ചുകൊടുക്കുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ ഇപ്പോൾ ഇത് ചർച്ച ചെയ്ത കാര്യമാണ്. ശ്രീ. ബാബു ദിവാകരൻ ശ്രദ്ധിക്കാത്തതുകൊണ്ടാണ് ഇങ്ങനെ ചോദ്യം ചോദിക്കേണ്ടി വന്നത്.

മി. സ്പീക്കർ : അടുത്ത ദിവസം തുടരാം.

(ചർച്ച തുടരും)

(4) 2000-ത്തിലെ കേരള ന്യൂസ് പേപ്പർ ഏജന്റ്സ് ക്ഷേമനിധി ബിൽ

(ശ്രീ. സി.പി. ബാലൻ വൈദ്യർ നോട്ടീസ് നൽകിയത്)

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, 2000-ത്തിലെ കേരള ന്യൂസ് പേപ്പർ ഏജന്റ്സ് ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

[12 Noon]

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ബില്ലിനെ ഒബ്ജക്ട് ചെയ്യുകയാണ്. വേറെ ഒന്നുംകൊണ്ടല്ല, സ്വയം തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നവർക്കും മറ്റും ചെറിയ ജോലികളിൽ നിയോഗിക്കപ്പെട്ടിട്ടുള്ള എല്ലാ തൊഴിലാളികൾക്കുംവേണ്ടി ഗവൺമെന്റ് ചില ആനുകൂല്യങ്ങൾ കൊടുക്കുന്നതിനെപ്പറ്റി ഗൗരവമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇങ്ങനെയൊരു ബിൽ ആവശ്യമില്ല എന്നുള്ളതുകൊണ്ട് ഞാൻ ഒബ്ജക്ട് ചെയ്യുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly